"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - കുമാരി അതുല്യ സാബുവിനുള്ള ചികിത്സാ സഹായം - ബാലനിധിയിൽ നിന്നും തുക വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.394/2024/WCDD തീയതി,തിരുവനന്തപുരം, 09-10-2024

---

പരാമർശം:- 1. 01.11.2017 ലെ സ.ഉ(സാധാ) 730/2017- സാനീവ നമ്പർ ഉത്തരവ് .

2. വനിത ശിശു വികസന ഡയറക്ടറുടെ 22.06.2024 ലെ ഡിഡബ്ല്യൂസിഡി/1798/2024-ഐസിപിഎസ് 4 നമ്പർ കത്ത്.

**ഉത്തരവ്**

ജെജെ ആക്ടിന്റെയും റൂളിന്റെയും പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിന് ധനസഹായം നൽകുന്നതിനായി ജുവനൈൽ ജസ്റ്റിസ് ആക്ട് 2015 പ്രകാരം സംസ്ഥാനത്ത് പരാമർശം (1) പ്രകാരം ബാലനിധി രൂപീകരിച്ചിട്ടുണ്ട്.

2) ഇടുക്കി ജില്ലാ കരിമണ്ണൂർ പഞ്ചായത്ത് ഒന്നാം വാർഡ് നെയ്യശേരി പ്രദേശത്തു കോട്ടയിൽ വീട്ടിൽ സാബു - മായ ദമ്പതികളുടെ ഇളയ മകളായ 11 വയസുള്ള കുമാരി അതുല്യ സാബു എന്ന കുട്ടിക്ക് Static Encephalopathy Cerebral Palsy and Epilepsy രോഗാവസ്ഥയെത്തുടർന്ന്, കുട്ടിയുടെ സാമ്പത്തിക സാമൂഹ്യ പശ്ചാത്തലവും കുടുംബത്തിന്റെ അവസ്ഥയും പരിഗണിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2017-ൽ ഒറ്റ തവണയായി 6 ലക്ഷം രൂപയും എസ്. ടി ഡിപ്പാർട്ട്മെന്റിൽ നിന്നും 50,000/- രൂപയും ചേർത്ത് ആകെ 6,50,000/- രൂപ കുട്ടിയ്ക്ക് അനുവദിച്ചിട്ടുണ്ട്. ടി കുട്ടിയെ ബാലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി 1,00,000/- രൂപ അനുവദിച്ചു നൽകണമെന്ന ഇടുക്കി ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ ശിപാർശ പരിഗണിച്ച് കുമാരി അതുല്യ സാബു എന്ന കുട്ടിയുടെ ചികിത്സയ്ക്കും തുടർ ചികിത്സയ്ക്കുമായി 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ബാലനിധിയിൽ നിന്നും വിനിയോഗിക്കുന്നതിന് പ്രത്യേക അനുമതി നൽകണമെന്ന് വനിത ശിശു

വികസന ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കുമാരി അതുല്യ സാബുവിനുള്ള ചികിത്സയ്ക്കും, തുടർ ചികിത്സയ്ക്കുമായി 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) ജെജെ ആക്ടിന്റെയും റൂളിന്റെയും പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിനായി ജുവനൈൽ ജസ്റ്റിസ് ആക്ട് 2015 പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ബാലനിധിയിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിപ്പിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Hena. R.Raj
സെക്ഷൻ ഓഫീസർ
Date: 09-10-2024 14:37:47

പകർപ്പ്

1) ഡയറക്ടർ, വനിതശിശു വികസന വകുപ്പ്.
2) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി& എസ് എസ് എ, എ&ഇ),കേരളം.
3) ധനകാര്യ വകുപ്പ് (ഡബ്ലുസിഡി-1/173/2024-ധന(ഇ 2871534) നമ്പർ ഫയൽ പ്രകാരം) .
4) വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
5) ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ .